**തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്രമം**
**(സാന്നിധ്യം. അജിതകുമാരി എ. കെ. പെൻ. 249643)**

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - അന്തർജില്ലാ സ്ഥലംമാറ്റം 2024-25-അന്തിമ സ്ഥലമാറ്റം ഉത്തരവാകുന്നു.

പരാമർശം:- 1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/12/2024 ലെ സർക്കുലർ നമ്പർ ഡി.ജി.ഇ./20836/2024/എ1
2) അധ്യാപകരുടെ ഓൺലൈൻ മുഖേനയുള്ള അപേക്ഷകൾ.
3) വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി പട്ടിക
4) 04.02.2025 ലെ താൽക്കാലിക സ്ഥലമാറ്റ ഉത്തരവ്.
5) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/03/2025ലെ കത്ത് നമ്പർ DGE/20836/2024-A1

**ഉത്തരവ് നമ്പർ- DDETSR/10245/2024-A1 തീയതി : 28-03-2025**

ജില്ലയിലെ സർക്കാർ സ്കൂളുകളിലേക്കുള്ള അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും അപേക്ഷകരുടെ സീനിയോറിറ്റി പരിഗണിച്ച് താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി ഉത്തരവിൽ എച്ച് എസ് ടി ഫിസിക്കൽ സയൻസ് തസ്തികയിൽ സീനിയറായ, ശ്രീമതി. ബിന്ദു കെ ആർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷയിൽ നൽകിയിരിക്കുന്ന വിദ്യാലയങ്ങൾ അല്ലാതെ മറ്റ വിദ്യാലയങ്ങളിലേക്ക് സ്ഥലമാറ്റം സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നില്ലെന്ന് അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത തസ്തികയിലെ സ്ഥലമാറ്റത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അപ്രകാരം, അന്തിമസ്ഥലംമാറ്റം ഉത്തരവാകുന്നു.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചിരിക്കുന്ന താഴെ ചേർത്തിരിക്കുന്ന അധ്യാപകരുടെ സർവ്വീസ് സീനിയോറിറ്റി തൃശ്ശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തിയ്യതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. തൃശ്ശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി അദ്ധ്യാപകൻ / അദ്ധ്യാപിക ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരനെ/ ജീവനക്കാരിയെ വിടുതൽ ചെയ്യുന്നതിന് മുമ്പ് മേൽ സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന പ്രധാനാദ്ധ്യാപകൻ മേലൊപ്പ് ചാർത്തി സേവനപുസ്തകത്തിൽ പതിക്കുകയും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ തൃശ്ശൂർ ജില്ലയിൽ നിരീക്ഷണകാലാവധി പൂർത്തിയാക്കേണ്ടതാണ്. തെറ്റായ വിവരത്തിൻറെ അടിസ്ഥാനത്തിലാണ് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചത് എന്ന് ബോദ്ധ്യപ്പെട്ടാൽ ഈ ഉത്തരവ് പുനഃപരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും. ജില്ലാന്തര സ്ഥലംമാറ്റം നടത്തേണ്ട സാഹചര്യമുണ്ടായാൽ നിലവിലെ നിയമനം പുനപരിശോധിക്കുന്നതാണ്.

**എച്ച്.എസ്.ടി. (ഗണിതം)**

| ക്രമ നമ്പർ | പേര് , തസ്തിക | സ്കൂൾ , ജില്ല | സ്ഥലമാറ്റം അനുവദിച്ച വിദ്യാലയം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | SEENA S , HST MATHEMATICS | GHSS PATTAMBI , PALAKKAD | GHSS CHERUTHURUTHY |

**<u>എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ്</u>**

| ക്രമ നമ്പർ | പേര് , തസ്തിക | സ്കൂൾ , ജില്ല | സ്ഥലമാറ്റം അനുവദിച്ച വിദ്യാലയം |
|---|---|---|---|
| 1 | TONY T T, HST PHYSICAL SCIENCE | GBHSS TIRUR | GHSS CHAVAKKAD |

**<u>എച്ച്.എസ്.ടി. സോഷ്യൽ സയൻസ്</u>**

| ക്രമ നമ്പർ | പേര് , തസ്തിക | സ്കൂൾ , ജില്ല | സ്ഥലമാറ്റം അനുവദിച്ച വിദ്യാലയം |
|---|---|---|---|
| 1 | SURAJA R , HST SOCIAL SCIENCE | PCNGHSS MOOKKUTHALA , MALAPPURAM | GHSS PANJAL |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ ഉത്തരവ് കൈപ്പറ്റി **<u>30/04/2025 നകം</u>** സ്ഥലംമാറ്റം ലഭിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ടി ഉത്തരവ് യാതൊരു മുന്നറിയിപ്പും ഇല്ലാതെ റദ്ദ് ചെയ്യുന്നതായിരിക്കും. സ്ഥലം മാറ്റം ലഭിച്ച അധ്യാപകരെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന തിയ്യതി യഥാസമയം ഈ കാര്യാലയത്തിലേക്ക് ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ രേഖാമൂലം അറിയിക്കേണ്ടതാണ്. ടി വിഭാഗത്തിൽ സംരക്ഷിതാധ്യാപകർ / ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവർ ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരെ മാതൃസ്കൂളിലേക്ക് വിടുതൽ ചെയ്യേണ്ടതും ആ വിവരം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതുമാണ്.

Signed by
Ajithakumari Alappully Kunjumon
Date: 28-03-2025 16:45:53

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ് :

1. വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
2. വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം
3. ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. ബന്ധപ്പെട്ട പ്രധാനാധ്യാപകർ (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)